# ഇസ്ലാമിന്റെ പ്രവാചകൻ; മുഹമ്മദ് -ﷺ-




رسول الإسلام صلى الله عليه وسلم

( مليالم )

بيان الإسلام
Bayan AL-Islam

ⓒجمعية خدمة المحتوى الإسلامي باللغات ، ١٤٤٤هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

السحيم ، محمد
رسول الإسلام - مليالم. / محمد السحيم ؛ جمعية خدمة المحتوى الإسلامي باللغات - ط١. .- الرياض ، ١٤٤٤هـ
٣٢ ص ؛ ..سم

ردمك: ٣-١٥-٨٤٠٢-٦٠٣-٩٧٨

١- السيرة النبوية أ.جمعية خدمة المحتوى الإسلامي باللغات (مترجم) ب.العنوان

ديوي ٢٣٩ ١٤٤٤/٩٠١٨

**رقم الإيداع: ١٤٤٤/٩٠١٨**
**ردمك: ٣-١٥-٨٤٠٢-٦٠٣-٩٧٨**

## Partners in Implementation

Content Association
Rowad Translation
Rabwah Association
Byenah

**This publication may be printed and disseminated by any means provided that the source is mentioned and no change is made to the text.**

Tel : +966 50 244 7000
info@islamiccontent.org
Riyadh 13245-2836
www.islamiccontent.org

# ഇസ്ലാമിന്റെ പ്രവാചകൻ; മുഹമ്മദ് -ﷺ-

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവി ന്റെ നാമത്തിൽ.

## ഇസ്‌ലാമിന്റെ പ്രവാചകൻ; മുഹമ്മദ് -ﷺ-

ഇസ്‌ലാമിന്റെ പ്രവാചകനായ മുഹമ്മദ് നബി -ﷺ- യെ ക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം, അവിടുത്തെ പേര്, ത റ വാ ട്, നാട്, വിവാഹം, പ്രബോധന സന്ദേശം, പ്രവാചകത്വ ത്തി ന്റെ തെളിവുകൾ, മതനിയമങ്ങൾ, ശത്രുക്കൾക്ക് അ വി ടുത്തോടുണ്ടായിരുന്ന നിലപാട് എന്നിവ ഞാൻ ഇതിൽ വ്യക്തമാക്കാൻ ഉദ്ദേശിക്കുന്നു.

******

## 1- നബി-ﷺ-യുടെ പേര്, തറവാട്, ജനിച്ചു വളർന്ന നാട്

ഇബ്റാഹീം നബി-m-യുടെ പുത്രൻ ഇസ്മാഈൽ ന ബി -m-യുടെ സന്താന പരമ്പരയിൽ പെട്ട, ഹാഷിമിന്റെ മകൻ അബ്ദുൽ മുത്വലിബിന്റെ മകൻ അബ്ദുല്ലയുടെ മകനായ മുഹമ്മദ് -ﷺ- ആകുന്നു ഇസ്ലാമിന്റെ പ്രവാചകൻ.

ഇബ്റാഹീം നബി -m- ശാമിൽ നിന്ന് ഇണയായ ഹാജ റിനും മകനായ ഇസ്മാഈലിനുമൊപ്പം മക്കയിൽ വന്നു. ഇ സ്മാഈൽ അന്ന് കുഞ്ഞായിരുന്നു. അല്ലാഹുവിന്റെ ക ൽപ്പനപ്രകാരം അദ്ദേഹം അവരെ മക്കയിൽ താമസിപ്പിച്ചു. കുട്ടി വളർന്ന് വലുതായപ്പോൾ ഇബ്റാഹീം നബി വീണ്ടും മ ക്കയിൽ വരികയും അവർ രണ്ടുപേരും കൂടി -ഇബ്റാഹീമും മകൻ ഇസ്മാഈലും- പരിശുദ്ധ ഭവനമായ കഅ്ബ പടു ത്തുയർത്തുകയും ചെയ്തു.

അങ്ങിനെ ആ ഭവനത്തിന് ചുറ്റും ജനവാസം വർധിച്ചു. അവിടം സർവ്വലോക രക്ഷിതാവായ അല്ലാഹുവിനെ ആരാ ധിക്കുന്നവരുടെയും, ഹജ്ജ് നിർവ്വഹിക്കാൻ വരുന്ന വ രു ടെ യും കേന്ദ്രമായി മാറി.

നൂറ്റാണ്ടുകളോളം ജനങ്ങൾ -ഇബ്റാ ഹീം നബിയുടെ പാതയിൽ- അല്ലാഹുവിനെ മാത്രം ആരാ ധി ക്കുന്നവരായി തുടർന്നുപോന്നു.

എന്നാൽ കാലക്രമേണ യഥാർത്ഥ മാർഗ്ഗത്തിൽ നി ന്നു ള്ള വ്യതിചലനം അവിടെയും സംഭവിച്ചു. വിഗ്രഹാരാധന പോ ലുള്ള ബഹുദൈവ ആരാധനകൾ, പെൺകുട്ടികളെ ജീ വ നോടെ കുഴിച്ചുമൂടൽ, സ്ത്രീകളോട് അതിക്രമം കാണി ക്ക ൽ, കള്ളസാക്ഷ്യം പറയൽ, മദ്യപാനം, അധർമ്മങ്ങൾ, അ നാഥയുടെ ധനം ഭക്ഷിക്കൽ, പലിശ തുടങ്ങിയവ ചു റ്റുമു ള്ള മറ്റു നാടുകളെ പോലെ അറേബ്യൻ ഉപദ്വീപിലും പ്ര കടമായി.

ഈ സ്ഥലത്തും ചുറ്റുപാടിലുമാണ്, ഇസ്ലാമിന്റെ പ്രവാ ച കൻ, ഇബ്റാഹീം നബി-m-യുടെ പുത്രൻ ഇസ്മാഈൽ ന ബി-m-യുടെ സന്താന പരമ്പരയിൽ പെട്ട അബ്ദുല്ലയുടെ മകൻ മുഹമ്മദ് ക്രി. 571- ൽ ജനിക്കുന്നത്.

അവിടുന്ന് ജനിക്കുന്നതിന് മുമ്പ് പിതാവും തന്റെ ആ റാ മത്തെ വയസ്സിൽ മാതാവും

മരണപ്പെട്ടു. ശേഷം പിതൃവ്യൻ അബൂത്വാലിബ് അവിടുത്തെ സംരക്ഷണം ഏറ്റെടുത്തു. ദരിദ്രനും അനാഥനുമായാണ് നബി വളർന്നത്. ചെറു പ്രാ യം മുതലേ അവിടുന്ന് സ്വന്തം അദ്ധ്വാനത്തിൽ നിന്നും ഭ ക്ഷി ക്കുകയും ജീവിതമാർഗ്ഗം കണ്ടെത്തുകയും ചെയ്തു.

******

## 2- അനുഗ്രഹീത മഹതിയുമായുള്ള അനുഗ്രഹീത വിവാഹം

അവിടുത്തേക്ക് ഇരുപത്തി അഞ്ചു വയസ്സ് പ്രായ മാ യ പ്പോ ൾ മക്കയിലെ മഹതിയായ ഖുവൈലിദിന്റെ മകൾ ഖദീ ജ -ؓ- യെ വിവാഹം കഴിച്ചു. അതിൽ നാല് പെൺകുട്ടി ക ളും രണ്ട് ആൺകുട്ടികളും ജനിച്ചു.

നബി -ﷺ- യുടെ ആൺകുട്ടികൾ ചെറുപ്പത്തിൽ തന്നെ മരണപ്പെട്ടു. അതീവ സ്നേഹത്തോടെയും വാത്സല്യത്തോ ടെ യുമായിരുന്നു തന്റെ ഭാര്യയോടും കുടുംബത്തോടുമുള്ള നബി -ﷺ- പെരുമാറിയിരുന്നത്. അതിനാൽ തന്നെ

ഖദീജ അ വിടുത്തെ അതിതീവ്രമായി സ്നേഹിച്ചു. അവർ പരസ്പ രം സ്നേഹം കൈമാറി.

ആ മഹതിയുടെ മരണശേഷം വർഷങ്ങൾ കഴിഞ്ഞും അവിടുന്ന് -ﷺ- അവരെ മറന്നില്ല. ഖദീജയോടുള്ള സ്നേഹം കാത്തുസൂക്ഷിക്കാൻ അവരുടെ കൂട്ടുകാരികൾക്ക് ആടി നെ അറുത്ത് അതിന്റെ മാംസം അവിടുന്ന് വിതരണം ചെ യ്യാ റുണ്ടായിരുന്നു. ആ സ്ത്രീകളോടുള്ള ആദരവും ഖദീ ജ ക്ക് മരണശേഷവും നൽകുന്ന നന്മയുമായിരുന്നു അത്.

******

## 3- വഹ്-യിന്റെ ആരംഭം

അല്ലാഹു നബിയെ പടച്ചത് മുതൽ മുഹമ്മദ് നബി -ﷺ- യുടെ സ്വഭാവം അത്യുന്നതമായിരുന്നു. തന്റെ ജനത അ വി ടു ത്തെ വിശ്വസ്തനും സത്യസന്ധനുമെന്നായിരുന്നു വിളി ച്ചി രുന്നത്. എല്ലാ നല്ല കാര്യങ്ങളിലും അവിടുന്ന് അവരോ ടൊ പ്പം പങ്കാളിയായി.

വിഗ്രഹാരാധനയെ അവിടുന്ന് വെറുക്കുകയും അതിൽ നിന്നെല്ലാം വിട്ടുനിൽക്കുകയും ചെയ്തു. ഒരിക്കലും അ ക്കാര്യ ത്തിൽ അവരോട് അവിടുന്ന് പങ്കുചേർന്നില്ല.

നാൽപ്പത് വയസ്സായപ്പോൾ അല്ലാഹു അദ്ദേഹത്തെ പ്ര വാ ചകനായി തെരെഞ്ഞെടുത്തു. ഖുർആനിൽ ആദ്യ മ വ ത രി ച്ച സൂറത്തിലെ ആദ്യ വചനങ്ങളുമായി ജിബ്രീൽ -m- എ ന്ന മലക്ക് അദ്ദേഹത്തിന്റെ അരികിൽ വന്നു.

ഇതായിരുന്നു ആ വചനങ്ങൾ: [1]

«اقْرَأْ بِاسْمِ رَبِّكَ الَّذِى خَلَقَ ۝١ خَلَقَ الْإِنْسَانَ مِنْ عَلَقٍ ۝٢ اقْرَأْ وَرَبُّكَ الْأَكْرَمُ ۝٣ الَّذِى عَلَّمَ بِالْقَلَمِ ۝٤ عَلَّمَ الْإِنْسَانَ مَا لَمْ يَعْلَمْ ۝٥»

“സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വാ യി ക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃ ഷ്ടി ച്ചി രി ക്കു ന്നു. നീ വായിക്കുക, നിന്റെ രക്ഷിതാവ് ഏറ്റവും വ ലി

---

[1] ഇമാം ബുഖാരിയും മുസ്ലിമും ആയിശ -i- യിൽ നിന്നും ഉ ദ്ധ രിച്ച ഹദീസ്. സ്വഹീഹുൽ ബുഖാരി (2) 1/7, സ്വഹീഹ് മു സ്ലിം (152) 1/139.

യ ഔ ദാര്യ വാനാകുന്നു പേന കൊണ്ട് പഠിപ്പിച്ചവൻ  മനു ഷ്യ ന് അ റിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു.” [അലഖ്: 1-5]

നബി -ﷺ- പേടിച്ചുവിറച്ചു തന്റെ ഭാര്യ ഖദീജയുടെ സമീപ ത്തേ ക്ക് വരികയും, സംഭവങ്ങൾ വിശദീകരിക്കുകയും ചെ യ്തു. അവർ അവിടുത്തെ ആശ്വസിപ്പിച്ചു.

ക്രിസ്തുമത വിശ്വാസിയായിരുന്ന, തൗറാത്തും ഇൻജീ ലും വായിച്ചറിഞ്ഞ, തന്റെ പിതൃവ്യ പുത്രനായ വറഖത്ത് ബി ൻ നൗഫലിന്റെ അരികിലേക്ക് ഖദീജ നബി -ﷺ- യെ കൊ  ണ്ടുപോയി.

ഖദീജ അദ്ദേഹത്തോട് പറഞ്ഞു: “പിതൃവ്യ പുത്രാ, താ ങ്ക ളു ടെ സഹോദരപുത്രൻ പറയുന്നത് കേട്ടാലും.” വറഖത്ത് ചോ ദിച്ചു: താങ്കൾ എന്താണ് കണ്ടത്?

നബി -ﷺ- താൻ കണ്ട കാര്യങ്ങൾ അദ്ദേഹത്തെ അ റി യി ച്ചു. അപ്പോൾ വറഖത്ത് പറഞ്ഞു: മൂസാ നബിയുടെ അ ടു ത്തേക്ക് അല്ലാഹു അയച്ച 'നാമൂസ്' (അല്ലാഹുവിന്റെ ര ഹ സ്യ സന്ദേശവുമായി വരുന്നവൻ) ആകുന്നു അത്. ഞാ നൊ രു

യുവാവായിരുന്നെങ്കിൽ... താങ്കളുടെ ജനത താങ്കളെ പു റത്താക്കുമ്പോൾ ഞാൻ ജീവിച്ചിരുന്നെങ്കിൽ എത്ര ന ന്നാ യിരുന്നു.

നബി -ﷺ- ചോദിച്ചു: "അവർ എന്നെ പുറത്താക്കുക യോ?"

അദ്ദേഹം പറഞ്ഞു: അതെ! താങ്കൾ കൊണ്ടുവന്ന തു മാ യി ആരെല്ലാം നിയോഗിക്കപ്പെട്ടിട്ടുണ്ടോ അവരാരും അതി ക്ര മി ക്കപ്പെടാതിരുന്നിട്ടില്ല. ആ നാളുകളിൽ ഞാൻ ജീവി ച്ചി രി ക്കുകയാണെങ്കിൽ ഞാൻ താങ്കളെ നന്നായി സഹായി ക്കു ക തന്നെ ചെയ്യും.

ശേഷം മക്കയിൽ ഖുർആൻ തുടർച്ചയായി അവതരിച്ചു കൊണ്ടേയിരുന്നു.
ഖുർആനുമായി ജിബ്രീൽ -m- നബി -ﷺ- യുടെ അരികിൽ നിരന്തരം വന്നുകൊണ്ടിരുന്നു. പ്രബോധ ന ത്തി ന്റെ വിശദാംശങ്ങളും ജിബ്രീലിന്റെ സന്ദേശത്തിൽ ഉ ണ്ടാ യിരുന്നു.

നബി -ﷺ- തന്റെ ജനതയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു, ആ ജനത അവിടുത്തെ എതിർക്കുകയും

തർക്കിക്കുകയും ചെയ്തു. പ്രബോധനം ഉപേക്ഷിക്കാൻ സമ്പത്തും അധി കാ രവും അവർ വാഗ്ദാനം ചെയ്തു. എന്നാൽ അതെല്ലാം ന ബി -ﷺ- തള്ളിക്കളഞ്ഞു.

മുമ്പുള്ള പ്രവാചകന്മാരോട് അവരുടെ ജനത പറഞ്ഞ പോലെ മാരണക്കാരനെന്നും, കള്ളവാദിയെന്നും, കളവ് പ റ യുന്നവൻ എന്നുമെല്ലാം അവിടുത്തെ കുറിച്ചും അവർ പ റഞ്ഞു, അവർ അവിടുത്തെ പ്രയാസപ്പെടുത്തി, ദേഹോ പ ദ്രവമേൽപ്പിച്ചു. അവിടുത്തെ അനുയായികളെ ഉപദ്ര വി ച്ചു.

എന്നാൽ നബി -ﷺ- അല്ലാഹുവിലേക്കുള്ള പ്രബോധനം നി ർവ്വഹിച്ചു കൊണ്ടേയിരുന്നു. ഹജ്ജ് വേളകളിലും, ജന ങ്ങ ൾ ഒരുമിച്ചുകൂടുന്ന ചന്തകളിലും ജനങ്ങളെ കാണു ക യും അവർക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊ ടു ക്കു കയും ചെയ്തു.

അധികാരമോ ഐഹിക സുഖങ്ങളോ കാണിച്ചു അവ രെ വശീകരിക്കുകയോ, വാൾ കൊണ്ട് ഭീഷണിപ്പെ ടു ത്തു ക യോ

ചെയ്തില്ല. അധികാരമോ ആധിപത്യമോ അവിടു ത്തെ കയ്യിൽ ഉണ്ടായിരുന്നില്ല.

താൻ കൊണ്ടുവന്ന മഹത്തായ ഖുർആനിന് സമാന മാ യ ഒരു ഗ്രന്ഥം കൊണ്ടുവരുവാൻ പ്രബോധനത്തിന്റെ ആ ദ്യ ഘട്ടത്തിൽ തന്നെ നബി -ﷺ- തന്റെ എതിരാളികളെ വെ ല്ലു വി ളിച്ചു.

തന്നെ എതിർക്കുന്നവരെ ഖുർആൻ കൊണ്ട് അവി ടു ന്ന് നേരിട്ടു. സ്വഹാബികളിൽ നിന്ന് വിശ്വസിച്ചവർ നബി -ﷺ- യിൽ വിശ്വാസമുള്ളവരായി.

ബൈത്തുൽ മുഖദ്ദസിലേക്കുള്ള രാപ്രയാണം (ഇസ്റാ അ്), ശേഷം നടന്ന ആകാശാരോഹണം (മിഅ്റാജ്) എന്നീ മഹത്തായ ദൃഷ്ടാന്തങ്ങൾ കൊണ്ട് മക്കയിൽ വെച്ച് അല്ലാ ഹു നബി-ﷺ-യെ ആദരിച്ചു. ഈസാ നബി-m-യെയും ഇ ൽ യാ സ് നബി-m-യെയും അല്ലാഹു ആകാശ ത്തേ ക്ക് ഉ യർ ത്തി എന്നത് മുസ്ലികൾക്കിടയിലും ക്രൈസ്ത വർക്കി ടയി ലും അറിയപ്പെട്ടതത്രെ.

അഞ്ചു നേരത്തെ നിസ്കാരവുമായി ബന്ധപ്പെട്ട അല്ലാ ഹു വിന്റെ കൽപ്പന നബി -ﷺ- ക്ക് ലഭിച്ചത് വാനലോകത്ത് വെ ച്ചാണ്. മുസ്ലിംകൾ അഞ്ചുനേരവും നിർവ്വഹിക്കുന്ന നി സ്കാരം അതാണ്. അവിശ്വാസികൾ കാൺകെ ചന്ദ്രൻ പി ള ർന്ന അത്ഭുതവും സംഭവിച്ചത് മക്കയിൽ വെച്ചുതന്നെ ആ യിരുന്നു.

ഖുറൈശികൾ അദ്ദേഹത്തിൽ നിന്ന് ജനങ്ങളെ തട യു ന്ന തി ന് എല്ലാവിധ കുതന്ത്രങ്ങളും പ്രയോഗിച്ചു. നിരവധി ദൃ ഷ്ടാന്തങ്ങൾ അവർ ചോദിച്ചുകൊണ്ടിരുന്നു. ജനങ്ങളെ നബി -ﷺ- യിൽ നിന്ന് തടയുന്നതിനും അവിടുത്തോട് തർ ക്കി ക്കു ന്നതിനും വേണ്ടിയുള്ള തെളിവുകൾക്ക് യഹൂദിക ളോ ട് പോലും സഹായം തേടാൻ അവർ തയ്യാറായി.

ഖുറൈശികളുടെ അതിക്രമം തുടർന്നപ്പോൾ എത്യോപ്യ യി ലേ ക്ക് പാലായനം ചെയ്യാൻ നബി -ﷺ- മുസ്ലിംകൾക്ക് അ നു മതി നൽകി.

നബി -ﷺ- പറഞ്ഞു: "അവിടെയുള്ളത് നീതിമാനായ ഭര ണാ ധികാരിയാണ്. അയാളുടെ അരികിൽ ആരും അക്ര മി ക്ക പ്പെടുകയില്ല".

ക്രിസ്ത്യാനിയായ ഒരു ഭരണാധികാരിയായിരുന്നു അവി ടെ യുണ്ടായിരുന്നത്. രണ്ടു സംഘങ്ങൾ എത്യോപ്യയിലേക്ക് ഹി ജ്റ ചെയ്തു. അവർ നബി -ﷺ- കൊണ്ടുവന്ന ദീൻ രാജാ വി ന് പരിചയപ്പെടുത്തി. അങ്ങനെ അദ്ദേഹം മുസ്ലിമായി.

അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണെ സത്യം! മൂസാ ന ബി -m- കൊണ്ടുവന്നത് തന്നെയാകുന്നു ഇത്. ഒരേ വിള ക്കു മാടത്തിൽ നിന്നത്രെ അതിന്റെ ഉത്ഭവം.'

നബി -ﷺ- യോടും അവിടുത്തെ അനുയായികളോടുമുള്ള ഉപദ്രവം മക്കക്കാർ തുടർന്നുകൊണ്ടിരുന്നു.

എന്നാൽ ഹജ്ജിന്റെ വേളയിൽ നബി -ﷺ- യിൽ വിശ്വ സി ച്ച മദീനയിൽ നിന്നുള്ള ഒരു സംഘമുണ്ടായിരുന്നു. തങ്ങ ളു ടെ നാട്ടിലേക്ക് വന്നാൽ ഇസ്‌ലാമിക

പ്രബോധനത്തിൽ സ ഹാ യം നൽകാമെന്ന് അവർ നബി -ﷺ- യോട് ഉടമ്പടി ചെ യ്തു.

ആ വന്ന ജനങ്ങളുടെ നാട് അക്കാലത്ത് വിളിക്കപ്പെ ട്ടി രു ന്നത് 'യഥ്രിബ്' എന്നായിരുന്നു. ഈ ഉടമ്പടിയോടെ മ ക്ക യിൽ അവശേഷിക്കുന്നവർക്ക് മദീനയിലേക്ക് പാലായനം ചെയ്യാമെന്ന് നബി -ﷺ- അനുമതി നൽകി. അങ്ങനെ അവർ പാലായനം ചെയ്തു. ഇസ്‌ലാം എത്താത്ത ഒരു ഭവനവും ബാക്കിയില്ലാത്ത വിധം ഇസ്‌ലാം മദീനയിൽ പ്രചരിച്ചു.

അല്ലാഹുവിലേക്ക് ക്ഷണിച്ചുകൊണ്ട് നബി -ﷺ- പതിമൂ ന്ന് വർഷം മക്കയിൽ കഴിച്ചുകൂട്ടി. ശേഷം മദീനയിലേക്ക് പാലായനം ചെയ്യാൻ അല്ലാഹു അവിടുത്തേക്ക് അനുമതി നൽകി. അങ്ങിനെ അവിടുന്നും മദീനയിലേക്ക് പാലായനം ചെയ്തു.

നബി -ﷺ- അല്ലാഹുവിലേക്കുള്ള തന്റെ ക്ഷണം തുടർന്നു കൊ ണ്ടിരുന്നു. മദീനയിൽ വെച്ച് ഇസ്‌ലാമിക മത നിയ മ ങ്ങ ൾ കുറേശ്ശെയായി അവതരിച്ചുകൊണ്ടിരുന്നു.

രാജാക്ക ന്മാ രെയും ഗോത്ര നേതാക്കന്മാരെയും ഇസ്‌ലാമിലേക്ക് ക്ഷ ണി ച്ചുകൊണ്ട് ദൂതന്മാർ മുഖേന നബി -ﷺ- കത്തുകൾ അ യ ക്കാൻ തുടങ്ങി. റോമിലെയും, പേർഷ്യയിലെയും, ഈജി പ്തി ലെയും രാജാക്കന്മാർ ഇങ്ങനെ കത്തുകളയച്ചവരിൽ പെട്ടവരായിരുന്നു.

ഒരിക്കൽ മദീനയിൽ സൂര്യഗ്രഹണമുണ്ടായി. ജനങ്ങൾ ഭയവിഹ്വലരായി. അതേ ദിവസമായിരുന്നു നബി -ﷺ- യുടെ പുത്രൻ ഇബ്റാഹീം മരണപ്പെട്ടത്. ഇബ്രാഹീമിന്റെ മരണം നിമിത്തം സൂര്യന് പോലും ഗ്രഹണം ബാധിച്ചു എന്ന് ജന ങ്ങൾ പറഞ്ഞു.

നബി -ﷺ- അവരോട് പറഞ്ഞു: (ആരുടെയെങ്കിലും മര ണ മോ ജനനമോ നിമിത്തം സൂര്യനും ചന്ദ്രനും ഗ്രഹണം ബാധിക്കുകയില്ല. അത് രണ്ടും അല്ലാഹുവിന്റെ ദൃഷ്ടാന്ത ങ്ങ ളത്രെ. അല്ലാഹു അവന്റെ അടിയാറുകളെ അതുമുഖേന ഭ യ പ്പെടുത്തുന്നു). [1]

---

[1] സ്വഹീഹ് മുസ്ലിം: 901.

നബി -ﷺ- എങ്ങാനും കളവു പറയുന്ന ഒരാളായിരുന്നു എങ്കിൽ ജനങ്ങൾ തന്നെ കളവാക്കുമെന്ന ഭയം അവി ടു ത്തേക്ക് ഉണ്ടാകുമായിരുന്നു. എന്റെ മകന്റെ മരണം നിമി ത്തം സൂര്യന് ഗ്രഹണം ബാധിച്ചു; എങ്കിൽ എന്നെ കളവാ ക്കി യാൽ എന്തായിരിക്കുമുണ്ടാകുക എന്നായിരുന്നു അ ദ്ദേ ഹം പറയുക.

സൽസ്വഭാവങ്ങളുടെ പൂർത്തീകരണം കൊണ്ട് അ ല്ലാ ഹു  റസൂൽ -ﷺ- യെ അലങ്കരിച്ചു. അല്ലാഹു അവിടുത്തെ വി ശേഷിപ്പിച്ചത് ഇങ്ങിനെയാണ്:

«وَإِنَّكَ لَعَلَى خُلُقٍ عَظِيمٍ»

"തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു." [ഖ ലം: 4]

സത്യസന്ധതയും, ആത്മാർത്ഥതയും, ധീരതയും, നീതി യും, ശത്രുക്കളോട് പോലുമുള്ള കരാർ പാലനവും, ഔദാ ര്യ വും, ദരിദ്രർക്കും അഗതികൾക്കും വിധവകൾക്കും ആവ ശ്യ ക്കാർക്കും ദാനം നൽകലും, അവർ സന്മാർ ഗ്ഗ ത്തി ലാ വാ ൻ ആഗ്രഹിക്കലും, കാരുണ്യവും വിനയവും

കാണിക്ക ലും... ഇങ്ങനെ എല്ലാ നല്ല സ്വഭാവങ്ങളും നബി -ﷺ- യിൽ സ മ്മേളിച്ചിരുന്നു.

നബി -ﷺ- യെ ഇന്നു വരെ കണ്ടിട്ടില്ലാത്ത ഒരാൾക്ക് ചു റ്റുമുള്ള സഹാബികൾക്കിടയിൽ നിന്ന് അവിടുത്തെ മനസ്സി ലാകണമെങ്കിൽ 'ആരാണ് മുഹമ്മദ്?' എന്ന് ചോദിക്കേണ്ടി വരുമായിരുന്നു; ഇത്ര മേൽ വിനയത്തോടെയായിരുന്നു അ വിടുത്തെ പെരുമാറ്റം.

ശത്രുക്കളോടും കൂട്ടുകാരോടും, അടുത്തവരോടും അക ന്ന വരോടും, ചെറിയവരോടും വലിയവരോടും, സ്ത്രീക ളോ ടും പുരുഷന്മാരോടും എന്തിന് മൃഗങ്ങളോടും പക്ഷിക ളോ ടും വരെ... സർവ്വരോടുമുള്ള പെരുമാറ്റത്തിൽ അവിടുത്തെ ചരിത്രം പൂർണതയുടെയും മാന്യതയുടെയും അടയാ ള മാ യി രു ന്നു.

അല്ലാഹു അവന്റെ ദീൻ പൂർത്തിയാക്കുകയും, പ്രബോ ധ നം അതിന്റെ അങ്ങേയറ്റം വരെ

നിർവ്വഹിക്കുകയും ചെ യ്ത ശേഷം തന്റെ 63 ആം വയസ്സിൽ നബി -ﷺ- വഫാ ത്താ യി.

പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പ് 40 വർഷവും, ശേഷം 23 വർഷം നബിയും റസൂലുമായും അവിടുന്ന് ജീവിച്ചു. മദീ ന യിലാണ് അവിടുന്ന് മറവുചെയ്യപ്പെട്ടത്. താൻ ഉപയോ ഗി ച്ചി രുന്ന കോവർകഴുതയും, വഴി യാത്രക്കാർക്ക് ദാനമായി വെ ച്ചിരുന്ന കുറച്ച് ഭൂമിയുമല്ലാതെ മറ്റൊരു സമ്പത്തോ അ ന ന്ത രമോ അവിടുന്ന് ബാക്കി വെച്ചില്ല. [1]

നബി-ﷺ-യിൽ വിശ്വസിച്ചവരും സത്യപ്പെടുത്തിയവരും പി ൻ പ റ്റിയവരും ധാരാളമുണ്ടായിരുന്നു. 'ഹജ്ജത്തുൽ വ ദാ ഇ' ൽ ഒരു ലക്ഷത്തിലധികം അനുയായികൾ അവിടുത്തോ ടൊ പ്പം ഹജ്ജ് നിർവ്വഹിച്ചു. മരിക്കുന്നതിന്റെ ഏകദേശം മൂ ന്ന് മാസങ്ങൾക്ക് മുമ്പായിരുന്നു അത്.

അല്ലാഹുവിന്റെ ദീനായ ഇസ്‌ലാം സംരക്ഷിക്ക പ്പെ ട്ട തിന്റെയും ഇത്ര മാത്രം വ്യാപിച്ചതിന്റെയും രഹസ്യം ഇതു ത ന്നെ

[1] സ്വഹീഹുൽ ബുഖാരി 6/15 (4461).

യായിരിക്കാം. ഇസ്‌ലാമിക മൂല്യങ്ങളിലും ചിട്ടയിലും ന ബി -ﷺ- വളർത്തിക്കൊണ്ടുവന്ന അനുയായികൾ നീതിയി ലും, ഭൗതിക വിരക്തിയിലും, സൂക്ഷ്മതയിലും, കരാർപാല ന ത്തിലും, തങ്ങൾ വിശ്വസിച്ച ദീനിന് വേണ്ടി ചെലവഴിക്കു ന്ന തിലും ഏറ്റവും ഉത്തമരായ അനുയായികളുമായിരുന്നു.

വിശ്വാസത്തിലും വിജ്ഞാനത്തിലും കർമ്മങ്ങളിലും ആ ത്മാ ർത്ഥതയിലും സത്യപ്പെടുത്തുന്നതിലും ചെലവഴിക്കുന്ന തി ലും ധീരതയിലും ഔദാര്യത്തിലും ഏറ്റവും ശ്രേഷ്ടതയുള്ള അനുയായികൾ..!

അബൂബക്ർ സിദ്ധീഖ് -h-, ഉമറുബ്നുൽ ഖത്താബ് -h-, ഉസ്മാനുബ്നു അഫ്ഫാൻ -h-, അലിയ്യുബ്നു അ ബീ ത്വാ ലി ബ് -h-; നബി -ﷺ- യിൽ വിശ്വസിക്കുകയും അവിടുത്തെ സത്യപ്പെടുത്തുകയും ചെയ്ത ആദ്യത്തെ അനുയായികളും അവിടുത്തേക്ക് ശേഷം ദീനിന്റെ പതാകവാഹകരായി ഖലീ ഫമാരായതും അവരായിരുന്നു.

എന്നാൽ ഈ മഹത്വമെല്ലാം അവർക്കുണ്ടെങ്കിലും പ്രവാ ച കത്വത്തിന്റെ പ്രത്യേകതകളൊന്നും അവർക്കില്ല. മറ്റു സ്വ ഹാ ബികൾക്ക് പറഞ്ഞുകൊടുക്കാത്ത വല്ലതും പ്രത്യേക മാ യി നബി -ﷺ- ഇവരോട് മാത്രമായി പറഞ്ഞിട്ടില്ല.

നബി -ﷺ- യിലൂടെ അവതരിപ്പിക്കപ്പെട്ട അല്ലാഹുവിന്റെ ഗ്ര ന്ഥവും പ്രവാചക സുന്നത്തും -ചരിത്രവും വാക്കുകളും പ്ര വ ർത്തനങ്ങളും- അവിടുന്ന് സംസാരിച്ച ഭാഷയിൽ ത ന്നെ അല്ലാഹു സംരക്ഷിച്ചു. നബി -ﷺ- യുടെ ചരിത്രം രേഖ പ്പെ ടുത്തപ്പെട്ടപോലെ ഒരാളുടെ ചരിത്രവും രേഖപ്പെ ടു ത്ത പ്പെ ട്ടിട്ടില്ല.

എങ്ങിനെയായിരുന്നു അവിടുന്ന് ഉറങ്ങാറുണ്ടായിരു ന്ന ത്? ഭക്ഷിക്കാറുണ്ടായിരുന്നത്? വെള്ളം കുടിക്കാറുണ്ടായി രു ന്ന ത്? ചിരിക്കാറുണ്ടായിരുന്നത്? ഇതെല്ലാം കൃത്യമായി രേ ഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

നബി -ﷺ- വീട്ടിനകത്തു എങ്ങിനെയായിരുന്നു തന്റെ കു ടും

ബത്തോട് പെരുമാറാറുണ്ടായിരുന്നത് എന്നത് പോലും രേ ഖപ്പെടുത്തപ്പെട്ടു. എല്ലാം സംരക്ഷിക്കപ്പെടുകയും രേഖ പ്പെ ടു ത്തപ്പെടുകയും ചെയ്തു.

അവിടുന്ന് മനുഷ്യനായ പ്രവാചകനത്രെ. ആരാധിക്ക പ്പെ ടാ നുള്ള ഒരു സവിശേഷതയും അവിടുത്തേക്കില്ല. സ്വ ന്ത ത്തി ന് എന്തെങ്കിലുമൊരു ഉപകാരമോ ഉപദ്രവമോ പോ ലും അവിടുന്ന് ഉടമപ്പെടുത്തുന്നുമില്ല.

******

## 4 - നബി-ﷺ-യുടെ സന്ദേശം

ഭൂമിയുടെ എല്ലാ പ്രദേശങ്ങളിലും ശിർക്കും (ബഹുദൈ വാ രാധന) കുഫ്റും (സത്യനിഷേധം) അജ്ഞതയും വ്യാപ ക മാ യപ്പോഴാണ് അല്ലാഹു മുഹമ്മദ് നബി -ﷺ- യെ പ്ര വാ ച ക നായി നിയോഗിക്കുന്നത്. വേദക്കാരിൽ നിന്നും അവ ശേ ഷിക്കുന്ന എണ്ണപ്പെട്ടവരല്ലാതെ അല്ലാഹുവിൽ പങ്കുചേർ ക്കാ തെ അവനെ ആരാധിക്കുന്നവർ ആരുമില്ലാത്ത കാലം.

ഈ അവസരത്തിലാണ് അവസാന പ്രവാചകനായും ന ബിയായും അല്ലാഹു മുഹമ്മദ് നബി-ﷺ-യെ നിയോഗി ക്കു ന്ന ത്. മുഴുവൻ ജനതക്കും സന്മാർഗ്ഗവും സത്യദീനുമായും അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചു.

മറ്റ് മതങ്ങളെ അതിജയിക്കുന്നതിന് വേണ്ടിയും, ബഹു ദൈ വാരാധനയുടെയും അവിശ്വാസത്തിന്റെയും അ ജ്ഞ ത യു ടെയും കൂരിരുട്ടിൽ നിന്ന് ഏകദൈവ വി ശ്വാ സത്തി ന്റെയും ഈമാനിന്റെയും പ്രകാശത്തിലേക്ക് അവരെ നയി ക്കാ നും, മുൻ കഴിഞ്ഞ മുഴുവൻ പ്രവാചകന്മാരുടെയും സ ന്ദേശം പൂർത്തീകരിക്കുന്നതിനും വേണ്ടിയാണ് അവിടുന്ന് നിയോഗിക്കപ്പെട്ടത്.

നൂഹ് -m-, ഇബ്റാഹീം -m-, മൂസാ -m-, സുലൈമാൻ -m-, ദാവൂദ് -m-, ഈസാ -m- തുടങ്ങിയ പ്രവാചകന്മാരും ന ബിമാരും ക്ഷണിച്ച അതേ കാര്യങ്ങളിലേക്കാണ് അവിടു ന്നും ജനങ്ങളെ ക്ഷണിച്ചത്. സ്രഷ്ടാവും ഉപജീവനം നൽ കു ന്ന വനും,

ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യു ന്ന വ നും, രാജാധിരാജനും, നിയന്താവുമായ അല്ലാഹുവാണ് ര ക്ഷി താവ്, അവനിൽ നിങ്ങൾ വിശ്വസിക്കണം. അവൻ അ ങ്ങേ യറ്റം കരുണ ചൊരിയുന്നവനും ഏറെ ദയയുള്ളവ നു മാ ണ്. നമുക്ക് ദൃശ്യവും അദൃശ്യവുമായ പ്രപഞ്ചത്തിലെ മു ഴു വൻ വസ്തുക്കളുടെയും സ്രഷ്ടാവ് അവനാകുന്നു. അ ല്ലാ ഹു അല്ലാത്ത എല്ലാം അവന്റെ സൃഷ്ടികളുമാകുന്നു.

അല്ലാഹുവിനെ മാത്രം ആരാധിക്കാനും മറ്റുള്ളവയെ ആ രാധിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കാനും തന്റെ ജന ങ്ങ ളോട് കൽപ്പിച്ചതു പോലെ, ആരാധനയിലും ആധിപ ത്യ ത്തി ലും സൃഷ്ടിപ്പിലും നിയന്ത്രണത്തിലും ഒരു പങ്കുകാരു മി ല്ലാ ത്ത ഏകനാണ് അല്ലാഹു എന്ന് വ്യക്തമായി അവിടുന്ന് അ വർക്ക് വിവരിച്ചു കൊടുക്കുകയും ചെയ്തു. ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്യാത്തവനും, തുല്യതയില്ലാത്ത വ നു മാ ണ് അല്ലാഹു. അവൻ ഏതെങ്കിലും ഒരു സൃഷ്ടിയിൽ അ

വ തരിക്കുകയോ ആ രൂപം സ്വീകരിക്കുകയോ ഉ ണ്ടാ വു ക യി ല്ല എന്നും അവിടുന്ന് വ്യക്തമാക്കി.

തൗറാത്തും സബൂറും ഇഞ്ചീലും, മൂസയുടെയും ഇബ്രാ ഹീ മിന്റെയും മേൽ അവതരിപ്പിക്കപ്പെട്ട ഏടുകളും അല്ലാഹു അവ തരിപ്പിച്ച വേദഗ്രന്ഥങ്ങളാണെന്ന് വിശ്വസിക്ക ണ മെ ന്നും അവിടുന്ന് പഠിപ്പിച്ചു. അല്ലാഹു നിയോഗിച്ച മുഴുവൻ ദൂ തന്മാരിലും വിശ്വസിക്കണമെന്നും ഏതെങ്കിലും ഒരു ന ബി യെ കളവാക്കുന്നവൻ മുഴുവൻ നബിമാരിലും അ വി ശ്വ സി ക്കു കയാണ് ചെയ്യുന്നതെന്നും മുഹമ്മദ് നബി -ﷺ- പ്ര ബോ ധനം ചെയ്തു.

അല്ലാഹുവിന്റെ കാരുണ്യത്തെ സംബന്ധിച്ച് ജനങ്ങ ൾ ക്ക് അവിടുന്ന് സന്തോഷവാർത്ത അറിയിച്ചു. ഇ ഹ ലോ ക ത്ത് അവരുടെ ആവശ്യങ്ങൾ ഏറ്റെടുക്കുന്നവൻ അല്ലാ ഹു വാ ണ്. സർവ്വ വിശാലമായ കാരുണ്യമുള്ള രക്ഷിതാവാണ് അ ല്ലാഹു.

ഖിയാമത്ത് നാളിൽ ഖബ്റുകളിൽ നിന്ന് എല്ലാവരെയും ഉയിർത്തെഴുന്നേൽപ്പിച്ച് വിചാരണ നടത്തുന്നവൻ അവൻ മാത്രമാണ്. സത്യവിശ്വാസികൾക്ക് ഒരു നന്മക്ക് പകരം പ ത്ത് നന്മകളും, ഒരു തിന്മക്ക് അതുപോലുള്ളതും അവൻ പ്രതിഫലം നൽകും. അവർക്ക് പരലോകത്ത് അനുഗ്ര ഹ ത്തി ന്റെ സ്ഥിരവാസ കേന്ദ്രമുണ്ട്. ആരെങ്കിലും അവിശ്വ സി ക്കു കയും തിന്മ പ്രവർത്തിക്കുകയും ചെയ്താൽ ഇഹലോ ക ത്തും പരലോകത്തും അതിന്റെ ഫലം അവൻ അനുഭ വി ക്കേ ണ്ടി വരിക തന്നെ ചെയ്യും.

പ്രവാചകൻ മുഹമ്മദ് നബി -ﷺ- അവിടുത്തെ പ്രബോധ ന ത്തിൽ തന്റെ ഗോത്രത്തെയോ, നാടിനെയോ, തന്നെയോ മ ഹത്വവൽക്കരിച്ചില്ല. ഖുർആനിൽ അവിടുത്തെ പേര് പറ യ പ്പെട്ടതിനേക്കാൾ കൂടുതൽ തവണ നൂഹ് -m-, ഇബ്രാഹീം -m-, മൂ സാ -m-, ഈസാ -m- തുടങ്ങിയ നബിമാരുടെ പേ രു ക ൾ പറയപ്പെട്ടു.

മുഹമ്മദ് നബിﷺയുടെ മാതാവിന്റെയോ ഭാര്യമാരു ടെ യോ പേരുകളും ഖുർആനിൽ പരാമർശിക്കപ്പെട്ടില്ല. എന്നാ ൽ മൂസാ നബിയുടെ ഉമ്മയെ സംബന്ധിച്ച് ഒന്നിലധികം ത വ ണയും മറിയം -ഠ- യെ സംബന്ധിച്ച് 35 പ്രാവശ്യവും പരാ മ ർശിക്കപ്പെട്ടിട്ടുണ്ട്.

മതമോ ബുദ്ധിയോ ശുദ്ധപ്രകൃതിയോ എതിരാവുന്ന എ ല്ലാ കാര്യങ്ങളിൽ നിന്നും, സൽസ്വഭാവം നിരസിക്കുന്ന കാ ര്യ ങ്ങളിൽ നിന്നും പ്രവാചകൻ മുഹമ്മദ് നബി -ﷺ- പാ പ സു ര ക്ഷി തനാണ്. അല്ലാഹുവിൽ നിന്നുള്ള സന്ദേശം എത്തി ച്ചു ന ൽകുന്ന വിഷയത്തിൽ എല്ലാ നബിമാരും പാപ സു ര ക്ഷി ത രത്രെ. കാരണം അവരാണ് അല്ലാഹുവിന്റെ കൽപ്പനകൾ എ ത്തിച്ചുകൊടുക്കാൻ നിയോഗിക്കപ്പെട്ടവർ.

ഒരു നബിയും ആരാധനകൾക്കർഹനല്ല. സൃഷ്ടിപ്പിൽ അ വ ർക്ക് യാതൊരു പങ്കുമില്ല. അവർ മറ്റു മനുഷ്യ രെ പ്പോ ലു ള്ള മനുഷ്യരാണ്; അല്ലാഹുവിന്റെ സന്ദേശം

വഹ്'യായി അ വ ർക്ക് ലഭിക്കുന്നുണ്ട് എന്നതാണ് അവരുടെ പ്രത്യേകത.

മുഹമ്മദ് നബി -ﷺ- യുടെ രിസാലത്ത് പ്രവാചകന്റെ കാ ല ത്ത് ഉണ്ടായിരുന്നത് പോലെ ഇന്നും നിലനിൽക്കുന്നു എ ന്നത് തന്നെ അത് അല്ലാഹുവിൽ നിന്നുള്ള വഹ്'യാണ് എ ന്ന തിനുള്ള ഏറ്റവും വലിയ സാക്ഷ്യമാണ്. ഒരു ബില്യ ണി ല ധി കം ആളുകൾ ആ മതമനുസരിച്ച് ജീവിക്കുന്നു. നമ സ്കാ രം, സകാത്ത്, ഹജ്ജ് തുടങ്ങിയ മതപരമായ നിർ ബ ന്ധ കർമ്മങ്ങൾ ഒരു മാറ്റവുമില്ലാതെ അനുവർ ത്തി ക്കു ക യും ചെയ്യുന്നു.

******

## 5 - പ്രവാചകത്വത്തിന്റെ ദൃഷ്ടാന്തങ്ങളും തെളിവുകളും അടയാളങ്ങളും

പ്രവാചകന്മാരെ അവരുടെ പ്രവാചകത്വത്തിന് തെ ളി വാ യി ചില ദൃഷ്ടാന്തങ്ങൾ നൽകി അല്ലാഹു ശക്തിപ്പെടുത്തും. ദൃ ശ്യമായ ചില അടയാളങ്ങൾ അവർക്ക് അവൻ നൽകും.

ഓ രോ കാലത്തെയും ജനതക്ക് വിശ്വസിക്കാൻ മതിയായ തെ ളിവുകൾ എല്ലാ നബിമാർക്കും അല്ലാഹു നൽകി യി ട്ടു ണ്ട്.

നബിമാർക്ക് നല്കപ്പെട്ട ദൃഷ്ടാന്തങ്ങളിൽ ഏറ്റവും മഹ ത്താ യത് മുഹമ്മദ് നബി -ﷺ-ക്ക് അല്ലാഹു നൽകിയ വി ശു ദ്ധ ഖുർആനാണ്. കാരണം അതാണ് ഖിയാമത്ത് നാൾ വ രെ നിലനിൽക്കുന്ന ഏക ദൃഷ്ടാന്തം. അതല്ലാത്ത ധാരാളം അ മാനുഷിക ദൃഷ്ടാന്തങ്ങളും മുഹമ്മദ് നബി -ﷺ- ക്ക് അ ല്ലാ ഹു നൽകിയിട്ടുണ്ട്.

അതിൽ പെട്ടതാണ്: ഇസ്റാഅ്-മിഅ്റാജ് (രാത്രിയുടെ ചെ റിയ സമയം കൊണ്ട് മക്കയിൽ നിന്ന് ഫലസ്തീ നി ലേ ക്കും ശേഷം ഏഴ് ആകാശങ്ങൾക്ക് മുകളിലേക്കും യാത്ര ചെ യ്ത സംഭവം.

ചന്ദ്രൻ പിളർന്നു എന്നതും, വരൾച്ച ബാധിച്ചപ്പോൾ ന ബി-ﷺ-യുടെ പ്രാർത്ഥന നിമിത്തം ധാരാളം സന്ദർഭങ്ങളിൽ മഴ വർഷിച്ചതും, ധാരാളമാളുകൾക്ക് ഭക്ഷിക്കാനും കുടി ക്കാ നും കഴിയുന്ന

രൂപത്തിൽ കുറഞ്ഞ ഭക്ഷണവും വെ ള്ള വും വർധിച്ചതും മറ്റു ചില ഉദാഹരണങ്ങൾ.

മുൻകഴിഞ്ഞ പ്രവാചകന്മാരുടെയും സമുദായങ്ങ ളു ടെ യും, (സൂറതുൽ കഹ്ഫിൽ വിവരിക്കപ്പെട്ട) ഗുഹാവാ സി ക ളു ടെ ചരിത്രം പോലുള്ള -ഒരാൾക്കും വിശദമായി അറി യാ ത്ത, കഴിഞ്ഞുപോയ കാര്യങ്ങൾ- അല്ലാഹു അറിയിച്ചത് പ്ര കാ രം അവിടുന്ന് വിവരിച്ചു എന്നതും അതിൽ പെട്ടത് ത ന്നെ.

ഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങളെ സം ബ ന്ധി ച്ച് അല്ലാഹു അറിയിച്ചത് പ്രകാരം പ്രവചിച്ചതും അവി ടു ത്തെ സത്യത ബോധ്യപ്പെടുത്തുന്ന ദൃഷ്ടാന്തമാണ്. ശാമി ലു ള്ളവർക്ക് കാണാൻ കഴിയുന്ന തരത്തിൽ ഹിജാസിൽ നി ന്ന് പുറപ്പെടുന്ന ഒരു തരം അഗ്നിയെ കുറിച്ചും, കെട്ടിടങ്ങൾ പ ണിയുന്നതിൽ ജനങ്ങൾ തമ്മിൽ മത്സരം നടത്തുന്ന തി നെ കുറിച്ചും അവിടുന്ന് പറഞ്ഞ കാര്യങ്ങൾ അപ്പടിതന്നെ സംഭവിച്ചിട്ടുണ്ട്.

അല്ലാഹു നബി-ﷺ-ക്ക് ജനങ്ങളിൽ നിന്ന് നൽകിയ സം ര ക്ഷ ണവും ഇതേ അത്ഭുത ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. ത ന്റെ അനുച്ചരന്മാരായ സ്വഹാബികളോട് മുഹമ്മദ് നബി -ﷺ- ന ൽകിയ വാഗ്ദാനങ്ങൾ സത്യമായി പുലർന്നതും അതിൽ പെട്ടതാണ്. ഉദാഹരണത്തിന്: പേർഷ്യയും റോമും നിങ്ങൾ വിജയിച്ചടക്കുകയും അവിടെയുള്ള നിധികൾ നിങ്ങൾ അ ല്ലാ ഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയും ചെയ്യും എ ന്ന അവിടുത്തെ പ്രവചനം അതു പോലെ പുലർന്നു.

മലക്കുകളെ കൊണ്ട് അല്ലാഹു പ്രവാചകനെ ശക്തിപ്പെ ടു ത്തി യതും, മുൻകഴിഞ്ഞ നബിമാർ അവരുടെ ജന ത യോ ട് മുഹമ്മദ് നബി-ﷺ-യുടെ പ്രവാചകത്വത്തെ സംബന്ധിച്ച് സ ന്തോഷവാർത്ത അറിയിച്ചതും അവിടുത്തെ സത്യത ബോ ധ്യപ്പെടുത്തുന്ന കാര്യങ്ങളിൽ ചിലതു തന്നെ. മൂസാ -m-, ദാവൂദ് -m-, സുലൈമാൻ -m-, ഈസാ -m- തുടങ്ങിയ ബ നൂ ഇസ്റാഈല്യരിലെ പ്രവാചകന്മാർ

മുഹമ്മദ് നബി-ﷺ- യെ പറ്റി സന്തോഷവാർത്ത അറിയിച്ചവരിൽ ചിലരാണ്.

തെളിഞ്ഞ ബുദ്ധിയുള്ളവർക്ക് ഉൾക്കൊള്ളാൻ കഴിയു ന്ന അനേകം ബുദ്ധിപരമായ തെളിവുകളും ഉപമകളും അ വി ടുന്ന് വിവരിച്ചിരിക്കുന്നു; ഇതും അവിടുത്തെ സത്യത അ റിയിക്കുന്നു. [1]

ഖുർആനിലും സുന്നത്തിലും വ്യാപിച്ചുകിടക്കുന്ന ബുദ്ധി പ രമായ ഇത്തരം തെളിവുകളും ഉദാഹരണങ്ങളും അ നേ ക മു ണ്ട്. അതിനെക്കുറിച്ചറിയാൻ താൽപര്യമുള്ളവർ ഖുർ ആ നും ഹദീസ് ഗ്രന്ഥങ്ങളും നബിചരിത്രങ്ങളും വായിക്കട്ടെ. ഖ ണ്ഡിതമായ തെളിവുകൾ അതിലുണ്ട്.

---

[1] ഖുർആനിൽ വിവരിക്കപ്പെട്ട ഒരു ഉദാഹരണം നോക്കൂ:

«يَاأَيُّهَا النَّاسُ ضُرِبَ مَثَلٌ فَاسْتَمِعُوا لَهُ إِنَّ الَّذِينَ تَدْعُونَ مِنْ دُونِ اللَّهِ لَنْ يَخْلُقُوا ذُبَابًا وَلَوِ اجْتَمَعُوا لَهُ وَإِنْ يَسْلُبْهُمُ الذُّبَابُ شَيْئًا لَا يَسْتَنْقِذُوهُ مِنْهُ ضَعُفَ الطَّالِبُ وَالْمَطْلُوبُ»

"മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങ ൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പു റമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈ ച്ച യെ പ്പോലും ഒരിക്കലും സൃഷ്ടിക്കുകയില്ല. അതിന്നായി അവ രെ ല്ലാ വരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അ ത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷി ക്കു ന്ന വനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ." (ഹ ജ്ജ്: 73)

ഈ പറയപ്പെട്ട ദൃഷ്ടാന്തങ്ങൾ സംഭവിച്ചില്ലാ യി രു ന്നെ ങ്കി ൽ അറേബ്യയിലെ നബി-ﷺ-യുടെ ശത്രുക്കളായിരുന്ന അവി ശ്വാസി കളും യഹൂദ ക്രൈസ്തവരും അവിടുത്തെ -ﷺ- ക ള വാക്കാനും ജനങ്ങളെ നബിയിൽ നിന്ന് അകറ്റാനും അത് ഒ രവസരമായി കണക്കാക്കുമായിരുന്നു.

അല്ലാഹു മുഹമ്മദ് നബി-ﷺ-ക്ക് ദിവ്യസന്ദേശമായി ന ൽ കി യ വേദഗ്രന്ഥമാകുന്നു വിശുദ്ധ ഖുർആൻ. അത് സ ർ വ്വലോ ക രക്ഷിതാവിന്റെ വചനങ്ങളാണ്. അതുപോ ലു ള്ള തോ അ തി ലെ ഒരു അധ്യായത്തിന് സമാനമായതോ കൊ ണ്ടു വ രു വാ ൻ അല്ലാഹു മനുഷ്യരെയും ജിന്നുകളെയും വെ ല്ലു വി ളി ച്ചി രി ക്കു ന്നു. ആ വെല്ലുവിളി ഇന്നും നിലനി ൽ ക്കു ന്നു.

ദശലക്ഷക്കണക്കിന് മനുഷ്യർ ആശയക്കുഴപ്പത്തിലായ പ്രാധാന്യമുള്ള ധാരാളം ചോദ്യങ്ങൾക്ക് ഖുർആൻ ഉത്തരം നൽകുന്നു. അത് അവതരിപ്പിക്കപ്പെട്ട അറബി ഭാഷയിൽ ത ന്നെ ഇന്നും അത് സംരക്ഷിക്കപ്പെട്ടിരിക്കുന്നു; ഒരു അ ക്ഷ രം പോലും കുറവ് വരാതെ തന്നെ.

അത് പ്രിൻറ് ചെയ്യപ്പെടുകയും വ്യാപകമായി പ്രചരി ക്ക പ്പെ ടുകയും ചെയ്തു. അമാനുഷികവും മഹത്തരവുമായ ഗ്ര ന്ഥ മാകുന്നു അത്. ജനങ്ങൾക്ക് അവതരിക്കപ്പെട്ട ഏറ്റവും മ ഹത്തായ ഗ്രന്ഥവുമത്രെ അത്. വായിച്ചിരിക്കേണ്ട ഗ്രന്ഥ മാ ണത്. സാധിക്കുമെങ്കിൽ ഖുർആനിന്റെ ആശയ വി വ ർ ത്ത നമെങ്കിലും വായിക്കുക. അത് വായിക്കാനും അതിൽ വി ശ്വ സിക്കാനും കഴിയാത്തവന് എല്ലാ നന്മകളും നഷ്ട മാ യി.

നബി -ﷺ- യുടെ ചര്യയും ജീവചരിത്രവും വിശ്വസ്തരായ നി വേദകരിലൂടെ സൂക്ഷിക്കപ്പെടുകയും കൈമാറ്റം ചെയ്യ പ്പെ ടുകയും ചെയ്തിട്ടുണ്ട്. നബി -ﷺ- സംസാരിച്ചിരുന്ന അറ ബി ഭാഷയിൽ - അവിടുന്ന് നമ്മോടൊപ്പം ജീവിക്കുന്നത് പോ ലെ- അത് അച്ചടിക്കപ്പെട്ടിട്ടുമുണ്ട്. അനേകം ഭാഷ ക ളി ലേ ക്ക് അത് വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ട്. ഇസ്‌ലാമിക നി യമങ്ങളുടെ സ്രോതസ്സ് വിശുദ്ധ ഖുർആനും നബി -ﷺ- യുടെ ചര്യയുമാണ്.

******

## 6- മുഹമ്മദ് നബി -ﷺ- കൊണ്ടുവന്ന ശരീഅത്ത്

നബി -ﷺ- കൊണ്ടുവന്ന ശരീഅത്ത് (മതനിയമ സംഹി ത) അത് ഇസ്‌ലാമാണ്. അല്ലാഹു അന്തിമമായി അവത രി പ്പി ച്ച മതനിയമങ്ങളും സന്ദേശങ്ങളും ഇതാകുന്നു. മുൻ ക ഴി ഞ്ഞ നബിമാരുടെ ശരീഅത്തിനോട് അടിസ്ഥാനങ്ങളിൽ അ ത് യോജിക്കുന്നു; കർമ്മപരമായ ചില വിഷയങ്ങളിൽ മാ ത്രമേ അവക്കിടയിൽ വ്യത്യാസമുള്ളൂ.

ഇസ്‌ലാമിലെ നിയമങ്ങൾ പൂർണവും എല്ലാ കാലത്തി നും സ്ഥലത്തിനും യോജിച്ചതുമാണ്. ജനങ്ങളുടെ ഐ ഹി ക വും മതപരവുമായ എല്ലാ നന്മകളും അതിലുണ്ട്. നമ സ്കാ രം, സകാത് പോലെ അടിമകളുടെ മേൽ നിർബ ന്ധ മാ യ എല്ലാ ആരാധനകളും അതിൽ അടങ്ങിയിട്ടുണ്ട്.

സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവും, യുദ്ധപ ര വും, പ്രകൃതിപരവും മറ്റുമുള്ള മനുഷ്യ ജീവിതം ആവശ്യ പ്പെ ടുന്ന എല്ലാ ക്രയവിക്രയങ്ങളും അതിൽ

അനുവദി ക്ക പ്പെ ട്ട തും വിലക്കപ്പെട്ടതും ഏതാണെന്നും ഈ ശരീഅത്തിൽ പ്ര തിപാദിച്ചിട്ടുണ്ട്.

ജനങ്ങളുടെ ദീനിനും രക്തത്തിനും അഭിമാനത്തിനും സമ്പത്തിനും ബുദ്ധിക്കും അവരുടെ സന്താനങ്ങൾക്കും ഈ ശരീഅത് സംരക്ഷണമേകുന്നു. എല്ലാ നന്മയും പുണ്യ വും അതിലുണ്ട്. എല്ലാ തിന്മയെയും ചീത്തയെയും ശരീഅ ത് എതിർക്കുന്നു. മനുഷ്യനെ മാന്യതയിലേക്ക് അത് ക്ഷ ണി ക്കുന്നു. മധ്യമ നിലപാടിലേക്കും നീതിയിലേക്കും ശ രീ അത് ക്ഷണിക്കുന്നു.

ഇഖ്‌ലാസ് (അല്ലാഹുവിൽ മറ്റാരെയും പങ്കുചേർക്കാതെ ആത്മാർത്ഥമായി അവനുവേണ്ടി മാത്രം പ്രവർത്തിക്കാൻ), വൃത്തി, സ്നേഹം, കൃത്യത, മറ്റുള്ളവർക്ക് നന്മ ഇഷ്ടപ്പെടൽ, ജീവൻ സംരക്ഷിക്കൽ, നാടിന്റെ സമാധാനം സൂക്ഷിക്കൽ തുടങ്ങിയ സൽഗുണങ്ങളിലേക്ക് ഇസ്‌ലാമിക ശരീഅത് ക്ഷണിക്കുന്നു. അന്യായമായി ജനങ്ങളെ ഭീതിപ്പെടു ത്തു ന്ന തും ഭയപ്പാട് സൃഷ്ടിക്കുന്നതും ശരീഅത്

നിഷിദ്ധമാക്കുന്നു. അതി ക്രമത്തിനും കുഴപ്പത്തിനും എല്ലാ രൂപത്തിലും ഭാ വത്തി ലും നബി -ﷺ- എതിരായിരുന്നു. അന്ധവിശ്വാസവും, ബ്രഹ്മചര്യവും, പൗരോഹിത്യവും അവിടുന്ന് എതിർത്തു.

സ്ത്രീ-പുരുഷ ഭേദമന്യേ മനുഷ്യനെ അല്ലാഹു ആദരിച്ചു എന്ന് പ്രവാചകൻ മുഹമ്മദ് -ﷺ- വിശദമാക്കി. അവരുടെ എല്ലാ അവകാശങ്ങളും അവൻ സംരക്ഷിച്ചു. അവന്റെ എല്ലാ തെരെഞ്ഞെടുപ്പുകളുടെയും പ്രവർത്തനങ്ങ ളുടെ യും പെരുമാറ്റങ്ങളുടെയും ഉത്തരവാദിത്തം അവനിലാ ണെ ന്നും, തനിക്കുതന്നെയോ മറ്റുള്ളവർക്കോ ഉപദ്രവമാകുന്ന ത ന്റെ ഏത് പ്രവർത്തനത്തിന്റെയും ഉത്തരവാദിത്തം അവ ൻ തന്നെ ഏറ്റെടുക്കണം എന്നും പഠിപ്പിച്ചു.

വിശ്വാസത്തിലും ഉത്തരവാദിത്തത്തിലും പ്രതിഫലത്തി ലും സ്ത്രീയും പുരുഷനും സമമാണ്. മാതാവായും മകളാ യും ഭാര്യയായും സഹോദരിയായും സ്ത്രീയെ ഇസ്‌ലാം പ്ര ത്യേകം പരിഗണിച്ചു.

പ്രവാചകൻ മുഹമ്മദ് നബി -ﷺ- കൊണ്ടുവന്ന മതം ബു ദ്ധി യെ സംരക്ഷിക്കുന്നു. മദ്യപാനം പോലെ ബുദ്ധിയെ ദു ഷി പ്പി ക്കുന്ന എല്ലാം നിഷിദ്ധമാക്കി. ബുദ്ധിക്ക് അതിന്റെ വ ഴി പ്ര കാ ശപൂരിതമാക്കുന്ന വിളക്കായി ദീനിനെ ഇസ്‌ലാം പ രിഗ ണിച്ചു; അറിവോടെയും ഉൾക്കാഴ്ചയോടെയും മനു ഷ്യ ൻ തന്റെ നാഥനായ അല്ലാഹുവിനെ ആരാധിക്കാൻ വേ ണ്ടി.

ബുദ്ധിയുടെ സ്ഥാനം ഉയർത്തുകയും മതനിയമങ്ങൾ ബാ ധകമാവുന്നതിനുള്ള കാരണം ബുദ്ധിയായി നിശ്ചയി ക്കു കയും ചെയ്തു. ബഹുദൈവത്വത്തിന്റെയും അന്ധവി ശ്വാ സത്തിന്റെയും സകല ചങ്ങലക്കെട്ടുകളിൽ നിന്നും ബു ദ്ധിയെ സ്വതന്ത്രമാക്കി.

യഥാർത്ഥ ശാസ്ത്രത്തെ ഇസ്‌ലാം ബഹുമാനിക്കുന്നു. മോ ശമായ ഇച്ഛകളിൽ നിന്ന് മുക്തമായ വൈജ്ഞാനിക ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നു. സ്വന്തത്തെ ക്കു റി ച്ചും

പ്രപഞ്ചത്തെക്കുറിച്ചും ചിന്തിക്കാൻ അതാവ ശ്യ പ്പെ ടു ന്നു. ശരിയായ ശാസ്ത്രീയ കണ്ടെത്തലുകൾ ഒരിക്കലും മു ഹമ്മദ് നബി -ﷺ- കൊണ്ടുവന്നതിന് എതിരാവുകയില്ല.

ഇസ്ലാമിൽ ഒരു വിഭാഗത്തിനും മറ്റൊരു വിഭാഗത്തെ ക്കാ ൾ പ്രത്യേകതയില്ല. ഒരു ജനതക്കും മറ്റൊരു ജനത യെ ക്കാ ൾ മുൻഗണനയില്ല. എല്ലാവരും അതിലെ നിയമങ്ങ ൾ ക്ക് മുന്നിൽ തുല്യരാണ്. കാരണം എല്ലാവരും അവരുടെ ഉ ത്ഭ വത്തിൽ തുല്യരാണ്.

തഖ്-വ കൊണ്ടല്ലാതെ ഒരുവിഭാഗം മറ്റൊരു വിഭാഗത്തേ ക്കാ ളും, ഒരു ജനത മറ്റൊരു ജനതയെക്കാളും പ്രത്യേക മാ കു ന്നില്ല. എല്ലാ കുഞ്ഞും ശുദ്ധപ്രകൃതിയിൽ ജനിക്കുന്നു എ ന്നാണ് പ്രവാചകൻ മുഹമ്മദ് നബി -ﷺ- അറിയിച്ചത്. പാ പി കളായോ മറ്റുള്ളവരുടെ പാപാമേറ്റെടുത്തോ ഒരാളും ജ നി ക്കുന്നില്ല.

ഇസ്ലാം പശ്ചാത്താപം അനുവദിച്ചു. അല്ലാഹുവിലേ ക്കു ള്ള മടക്കവും പാപങ്ങൾ

വെടിയലുമാണത്. ഇസ്‌ലാം മു മ്പു ള്ള പാപങ്ങളെ മായ്ചുകളയുന്നു (ഒരാൾ മുസ്ലി മാ യാ ൽ അതിന് മുമ്പ് ചെയ്തുപോയ പാപങ്ങൾ മായ്ക്ക പ്പെ ടു ന്നു എന്നർത്ഥം). പശ്ചാത്താപം അതിന് മുമ്പുള്ള പാപ ങ്ങ ളെ മായ്ചുകളയുന്നു.

ഒരാളുടെ തെറ്റും മറ്റൊരു മനുഷ്യന്റെ മുമ്പിൽ ഏറ്റുപ റ യേണ്ട ആവശ്യം ഇല്ലതന്നെ. മനുഷ്യനും അല്ലാഹുവും തമ്മി ൽ നേരിട്ടുള്ള ബന്ധമാണ് ഇസ്‌ലാമിലുള്ളത്. അല്ലാഹു വി ന്റെ യും മനുഷ്യന്റെയും ഇടയിൽ ഒരു ഇടയാളനും ആ വ ശ്യ മി ല്ല. മനുഷ്യനെ ആരാധ്യനാക്കുന്നതും, അല്ലാഹുവിനുള്ള ആരാ ധനയിലോ രക്ഷാകർതൃത്വത്തിലോ പങ്കാളിയാ ക്കു ന്ന തും ഇസ്‌ലാം നിരോധിക്കുന്നു.

പ്രവാചകൻ മുഹമ്മദ് -ﷺ- യുടെ ശരീഅത്ത് മുൻ ക ഴി ഞ്ഞ മുഴുവൻ ശരീഅത്തുകളെയും ദുർബലമാക്കു ന്ന താ ണ്. കാര ണം അതാണ് അല്ലാഹുവിൽ നിന്ന് അവതരി പ്പി ക്ക പ്പെട്ട, ഖി യാ മത്ത് നാൾ വരെയുള്ള അവസാന ശരീഅ ത്ത്. അത് മുഴു വ ൻ

ജനതക്കുമുള്ളതാണ്. അതിനാൽ അ തി നു മുമ്പു ള്ള തി നെ അത് ദുർബലമാക്കി - മുൻകഴിഞ്ഞ ശ രീ അത്തുകൾ ഒ ന്ന് മറ്റൊന്നിനെ ദുർബലമാക്കിയത് പോ ലെ-.

ഇസ്ലാമല്ലാത്ത ഒരു ശരീഅത്തും അല്ലാഹു സ്വീകരി ക്കു ക യി ല്ല. മുഹമ്മദ് നബി -ﷺ- കൊണ്ടുവന്ന ഇസ്ലാം മതമ ല്ലാ ത്ത തൊന്നും അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. ഇസ്ലാമ ല്ലാ ത്ത വല്ലതിനെയും ആരെങ്കിലും മതമായി പുണർന്നാൽ അ ത് സ്വീകരിക്കപ്പെടുകയില്ല തന്നെ. ഈ ശരീഅത്തിലെ വിധി വി ലക്കുകളുടെ വിശദീകരണങ്ങൾ അറിയാൻ താ ൽപര്യ മു ള്ള വർ ഇസ്ലാമിനെ പരിചയപ്പെടുത്തുന്ന വിശ്വസ്തമായ ഗ്ര ന്ഥങ്ങൾ അന്വേഷിക്കട്ടെ.

ഇസ്ലാമിക ശരീഅത്തിൻ്റെ ലക്ഷ്യം - അല്ലാഹുവിൽ നി ന്ന് അവതീർണമായ മുഴുവൻ സന്ദേശങ്ങളുടെയും ലക്ഷ്യം പോ ലെ-: മനുഷ്യൻ ശരിയായ മതമുൾക്കൊണ്ട് സർവ്വ ലോ ക ര ക്ഷിതാവിൻ്റെ നിഷ്കളങ്കനായ അടിമയായിത്തീ രു ക യും ഭൗ തി കതയുടെയും അന്ധവിശ്വാസത്തിൻ്റെയും അടി മ ത്ത ത്തി

ൽ നിന്ന് മോചിതാനാവുകയും ചെയ്യുക എന്ന താ ണ്.

എല്ലാ കാലത്തിനും സ്ഥലത്തിനും യോജിച്ചതത്രെ ഇസ് ലാം. മനുഷ്യന്റെ ശരിയായ നന്മകളോട് എതിരാവുന്ന ഒ ന്നും അതിലില്ല തന്നെ. കാരണം മനുഷ്യരെ അറിയുന്ന അ ല്ലാ ഹുവിൽ നിന്നുള്ളതത്രെ അത്. അവരുടെ ആവശ്യ ങ്ങ ളെ ല്ലാം അറിയുന്ന റബ്ബിൽ നിന്നുള്ളത്.

പരസ്പരം വൈരുദ്ധ്യമില്ലാത്ത, മാനവരാശിയെ നന്നാ ക്കി ത്തീ ർ ക്കുന്ന ഒരു ശരീഅത്ത് മനുഷ്യന് ആവശ്യമാണ്. അ ത് മനുഷ്യന് ഉണ്ടാക്കാൻ സാധ്യവുമല്ല; മറിച്ച് അല്ലാഹു വി ൽ നിന്നുള്ളതാവണം. ജനങ്ങളെ അത് നന്മയിലേക്ക് ന യി ക്കണം.

അതിന്റെ വിധിയനുസരിച്ചുള്ള പ്രവർത്തനം അവരുടെ കാ ര്യങ്ങൾ നന്നാക്കിത്തീർക്കുകയും, പരസ്പരമുള്ള അതി ക്ര മങ്ങളിൽ നിന്ന് അവരെ രക്ഷിക്കുകയും ചെയ്യണം.

******

## 7- നബിﷺയുടെ എതിരാളികളുടെ അവിടുത്തോടുള്ള നിലപാട് അവരുടെ സാക്ഷ്യമാകുന്നു

എല്ലാ നബിമാർക്കും അവരെ പ്രബോധനത്തിൽ നിന്ന് തടയുന്ന, അവരിൽ വിശ്വസിക്കുന്നതിൽ നിന്ന് ജനങ്ങളെ ത ട യുന്നതുമായ ശത്രുക്കളുണ്ടായിട്ടുണ്ട്. അല്ലാഹുവിന്റെ പ്ര വാ ചകൻ മുഹമ്മദ് നബി -ﷺ- ക്കും അദ്ദേഹത്തിന്റെ ജീവി ത കാലത്തും മരണശേഷവും ധാരാളം ശത്രുക്ക ളു ണ്ടാ യി ട്ടു ണ്ട്.

എന്നാൽ അല്ലാഹു പ്രവാചകനെ വിജയിപ്പിച്ചു. അവി ടു ന്ന് -ﷺ- അല്ലാഹുവിന്റെ റസൂലാണ് എന്നതിനും, മുൻക ഴി ഞ്ഞ പ്രവാചകന്മാർ കൊണ്ടുവന്നത് പോലുള്ളതാണ് അവി ടു ന്നും കൊണ്ടുവന്നത് എന്നതിനും, ആധുനികരും പൗരാ ണി കരുമായ ധാരാളം പേർ സാക്ഷ്യം വഹിച്ചിട്ടുണ്ട്.

മുഹമ്മദ് നബി -ﷺ- സത്യപ്രവാചകനാണെന്ന് അവ ർ ക്ക റി യാം. എന്നാൽ നബിﷺയിൽ വിശ്വസിക്കാൻ അവർക്ക് ത ട സ്സമായത് മറ്റു പല സംഗതികളുമാണ്. അധികാരമോഹം, ജ

നങ്ങളോടുള്ള ഭയം, സ്ഥാനമാനങ്ങളിലൂടെ ലഭിക്കുന്ന സ മ്പ ത്ത് നഷ്ടപ്പെട്ടുപോകുമോയെന്ന പേടി എന്നിവയാണ് അ വ രെ നബിﷺയിൽ വിശ്വസിക്കുന്നതിൽ നിന്ന് തടഞ്ഞത്.

ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി!

******

# ഉള്ളടക്കം

1- നബി-ﷺ-യുടെ പേര്, തറവാട്, ജനിച്ചു വളർന്ന നാട്.......................................5

2- അനുഗ്രഹീത മഹതിയുമായുള്ള അനുഗ്രഹീത വിവാഹം .................................7

3- വഹ്-യിന്റെ ആരംഭം .................................8

4 - നബി-ﷺ-യുടെ സന്ദേശം .........................23

5 - പ്രവാചകത്വത്തിന്റെ ദൃഷ്ടാന്തങ്ങളും തെളിവുകളും അടയാളങ്ങളും ..................29

6- മുഹമ്മദ് നബി -ﷺ- കൊണ്ടുവന്ന ശരീഅത്ത്.................................................36

7- നബിﷺയുടെ എതിരാളികളുടെ അവിടുത്തോടുള്ള നിലപാട് അവരുടെ സാക്ഷ്യമാകുന്നു.........................................44

# Get to know more about Islam

## in more than
# 100 languages

موسوعة الأحاديث النبوية
HadeethEnc.com

Accurate translations of Prophetic Hadiths and their explanations in more than (60) languages.

بيان الإسلام
byenah.com

Selected materials to introduce and teach Islam in more than (120) languages.

موسوعة القرآن الكريم
QuranEnc.com

Accurate translations of the meanings of the Quran in more than (75) languages.

موسوعات وخدمات إسلامية باللغات
s.islamenc.com

For more websites in world languages (s.islamcontent.com)

جامع المحتوى الإسلامي باللغات
islamcontent.com

Various and comprehensive Islamic materials in more than (125) languages.

ما لا يسع أطفال المسلمين جهله
kids.islamenc.com

Questions and answers for Muslim children and public in more than (40) languages.

جمعية خدمة المحتوى الإسلامي باللغات

جمعية الدعوة وتوعية الجاليات بالربوة




Ml198

978-603-8402-15-3